DESPATCHED
On. 02/08/21

20/7/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 849(1)/2020/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 2144/SIC-G4/2020)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി : 2021 ജൂലൈ 20**

ശ്രീ. അബ്ദുൾ അസീസ് ചാലിൽ,
ദുലാർ,
മരക്കാർ കണ്ടി, കണ്ണൂർ സിറ്റി. പി.ഒ.,
പിൻ – 670 003. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
കണ്ണൂർ.

2) അപ്പീൽ അധികാരി,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
കണ്ണൂർ. } എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ 20/08/2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ സെക്ഷൻ ക്ലാർക്കുമാരായ (deemed PIOs) ശ്രീ.പി.സഹദേവൻ, ശ്രീ. അനീഷ്കുമാർ കെ., എന്നിവർ സമർപ്പിച്ച വിശദീകരണം കമ്മീഷൻ പരിശോധിച്ചു.

2. Deemed PIO & ക്ലാർക്ക് ശ്രീ. പി.സഹദേവൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, താൻ സർവ്വീസിൽ തുടക്കക്കാരനാണെന്നും, ജോലിഭാരമുള്ള സീറ്റുകളുടെ ചുമതലയാണ് തനിക്ക് ഉണ്ടായിരുന്നതെന്നും വർക്ക് ലോഡ് ക്രമീകരിക്കുന്നതിനായി മേലധികാരികളോട് നിരവധി തവണ അഭ്യർത്ഥിക്കുകയുണ്ടായിയെങ്കിലും ആയത് നടപ്പിലായിരുന്നില്ല എന്നും അവധി

ദിവസങ്ങളുൾപ്പെടെ ഓഫീസിൽ എത്തി ജോലി ചെയ്യേണ്ട അവസ്ഥയായിരുന്നു എന്നും ഈ സമയത്താണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നും റഫറൻസോ ഫയൽ നമ്പറോ കൃത്യമായി റോഡിന്റെ പേരോ ഇല്ലാതെ സമർപ്പിച്ച അപേക്ഷ പ്രകാരം ഫയൽ കണ്ടെത്തുന്നത് വളരെ ദുഷ്കരമായിരുന്നു എന്നും അപേക്ഷകനെ ഫോൺ മുഖാന്തിരം ബന്ധപ്പെടുകയും ഇതിലേക്ക് മതിയായ റഫറൻസ് കൂടി ലഭ്യമാക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. എന്നാൽ ടിയാന് കൂടുതൽ വിവരങ്ങൾ നൽകാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ പഴയ ഫയലുകൾ dump ചെയ്ത മുകൾ നിലയിൽ ഒരുപാട് ദിവസങ്ങൾ ഫയലിനായി തെരഞ്ഞപ്പോഴാണ് ഇത് ടിയാന്റെ സെക്ഷനിലുള്ള ഫയലല്ലെന്നും ഇ2 സെക്ഷനിലാണെന്ന് മനസ്സിലാകുന്നതെന്നും ആയതുപ്രകാരം ഫയലിനും രജിസ്റ്ററുകൾക്കുമായി ഇ2-സെക്ഷൻ ക്ലാർക്കിനൊപ്പം നിരന്തരം തെരയുകയും ഒടുവിൽ കിട്ടിയ രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകുകയാണുണ്ടായതെന്നുമാണ്.

3. Deemed PIO & സീനിയർ ക്ലാർക്ക് ശ്രീ. അനീഷ്കുമാർ കെ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, നഗരസഭാ സെക്രട്ടറിയുടെ 10.2.2020-ലെ ജി1-16728/11 നമ്പർ ഉത്തരവ് പ്രകാരം ടിയാൻ നിലവിൽ ഇ1-സെക്ഷന്റെ ചുമതല 13.7.2020 തീയതിക്ക് ശേഷമാണ് ഏൽക്കുന്നതെന്നും വിവരാവകാശ അപേക്ഷ 14.11.2019-നും അപ്പീൽ അപേക്ഷ 20.12.2019-നുമാണ് സമർപ്പിച്ചിട്ടുള്ളതെന്നും നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ചാർജ്ജ് ഏറ്റെടുക്കുന്നതിന് മുമ്പ് ചുമതല വഹിച്ചിരുന്ന സെക്ഷന്റെ അടിയന്തിര പ്രവർത്തനങ്ങളും ആയിരക്കണക്കിന് ഫയലുകളുടെ ചാർജ്ജ് എഴുതി സമർപ്പിക്കുന്നതിന് മുമ്പ് തന്നെ കോവിഡ്-19 പടർന്നു പിടിക്കുകയും മാർച്ച് 24-ന് ലോക്ഡൗൺ ആരംഭിക്കുകയും തുടർന്ന് ജൂൺ മാസത്തിൽ ലോക്ഡൗൺ ഭാഗികമായി പിൻവലിച്ചപ്പോൾ കോവിഡ് ഡ്യൂട്ടിയൊടൊപ്പം ഓഫീസിലെ അത്യാവശ്യ ഫയലുകൾ കൈകാര്യം ചെയ്യാൻ ആരംഭിക്കുകയും 13.7.2020-ന് ശേഷം ഇ1- സെക്ഷന്റെ ചാർജ് ഏറ്റെടുക്കുകയും ചെയ്തു. കമ്മീഷന്റെ നോട്ടീസ് നഗരസഭാ ഓഫീസിൽ 9.7.2020-നും ഇ1-സെക്ഷനിൽ 22.7.20-നും ലഭിച്ചു. അന്നുതന്നെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷയും അപ്പീലും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും തുടർന്ന് പഴയ സെക്ഷൻ ക്ലാർക്ക് നേരിട്ട് തെരയുകയും 14.8.2020-ന് അപേക്ഷകൾ കണ്ടെത്തുകയും തുടർന്ന് മറുപടി നൽകുന്നതിലേക്ക് സെക്ഷനിൽ മുഴുവൻ തെരഞ്ഞുവെങ്കിലും ഫയൽ നമ്പർ ഇല്ലാത്തതിനാൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും തുടർന്ന് പഴയ രജിസ്റ്റുകൾ പരിശോധിച്ചതിൽ ഹർജിക്കാരൻ സൂചിപ്പിച്ച പേരിനോട്

ബന്ധപ്പെട്ട ഫയൽ സ്വന്തം സെക്ഷനിൽ അല്ലെന്നും മറ്റൊരു സെക്ഷനാണ് ഫയൽ കൈകാര്യം ചെയ്തിരുന്നത് എന്ന് കണ്ടെത്തുകയും തുടർന്ന് അപേക്ഷകന് 18.8.2020–ന് മറുപടി നേരിട്ട് നൽകുകയും ചെയ്തുവെന്നുമാണ്.

3. മേൽ വിശദീകരണങ്ങൾ പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. കാരണം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകമായി ആരേയും നിയമിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അവരവരുടെ വിവരാവകാശവുമായി ബന്ധപ്പെട്ട ചുമതലയും നിർവ്വഹിക്കേണ്ടത്. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ അതീവ ജാഗ്രത പുലർത്തണമെന്ന കർശന നിർദ്ദേശം ഡീംഡ് എസ്.പി.ഐ.ഒ. മാരായ ക്ലാർക്ക് ശ്രീ.പി. സഹദേവൻ, സീനിയർ ക്ലാർക്ക് ശ്രീ. അനീഷ്കുമാർ കെ. എന്നിവർക്ക് നൽകിക്കൊണ്ട് അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ജൂലൈ 20–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM